## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8038 16/07/2014-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിൽ ഈ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതേവരെ എത്രപേർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം ഭൂമി നൽകിയിട്ടുണ്ട്; എത്രപേർ ഭൂമി ഏറ്റുവാങ്ങി; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിതരായ 777 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 730.52 ഏക്കർ ഭൂമി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും, 450 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് റവന്യൂ വകുപ്പിന്റെ ഭൂരഹിത കേരളം പദ്ധതി പ്രകാരവും, കെ.എസ്.റ്റി. ആക്ട് പ്രകാരം ഭൂമി നഷ്ടപ്പെട്ട 120 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 120 ഏക്കർ ഭൂമിയും, 2006 ലെ വനാവകാശ നിയമമനുസരിച്ച് 8223 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 12652.34 ഏക്കർ ഭൂമിയും നൽകിയിട്ടുണ്ട്. ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും ജലലഭ്യതയുള്ളതും വാസയോഗ്യവുമായ സ്വകാര്യ ഭൂമി സ്വന്തം ആഗ്രഹ പ്രകാരം കണ്ടെത്തി പരമാവധി 10 ലക്ഷം രൂപ വരെ വില നൽകി വാങ്ങുന്ന പദ്ധതി പ്രകാരം 139 കുടുംബങ്ങൾക്ക് 49.687 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കുന്ന ഭൂമി കൃഷിയോഗ്യമോ വാസയോഗ്യമോ അല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എവിടെയൊക്കെയാണ് പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിൽ ഭൂമി ലഭിച്ച വയനാട് ജില്ലയിലെ ഭൂരഹിത പട്ടികവർഗ്ഗക്കാർ ഭൂമി വാസയോഗ്യമല്ല എന്നതിനാൽ ഏറ്റുവാങ്ങിയിട്ടില്ല. ഇടുക്കി ജില്ലയിലെ ചിന്നക്കനാലിൽ വന്യമൃഗശല്യം മൂലം പട്ടയം കൈപ്പറ്റിയവർ താമസമാക്കാത്ത സ്ഥിതിയുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീടു നിർമ്മിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണുള്ളത്; എത്ര തുകയാണ് ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ളത്; | (സി) | ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2.50 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. 13-ാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരം സംസ്ഥാനത്ത് പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് 2.50 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നത് ദുർഘട പ്രദേശങ്ങളിലാകയാൽ ഭവന നിർമ്മാണ സാധന സാമഗ്രികളുടെ കടത്തുകൂലിയായി ഒരു ലക്ഷം രൂപയും അടക്കം ആകെ 3.50 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം നൽകിവരുന്നു. |
| (ഡി | പട്ടികവർഗ്ഗക്കാർക്ക് ഏതെങ്കിലും ഏജൻസി മുഖേന വാസയോഗ്യമായ വീടു നിർമ്മിച്ചു നൽകാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിനായി ഒരു പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. മുൻവർഷങ്ങളിൽ കേരളാ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം, കോസ്റ്റ് ഫോർഡ്, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ലേബർ കോൺട്രാക്ട് സൊസൈറ്റി, കേരളീയൻ സമിതി എന്നിവ മുഖേന വീടുകൾ നിർമ്മിച്ചു നൽകാൻ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ഇവയിൽ പലതും യഥാസമയം പൂർത്തീകരിക്കാത്തതായും പൂർത്തീകരിച്ചവയ്ക്കു ചോർച്ച തുടങ്ങിയ അപാകതകൾ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബശ്രീ, നിർമ്മാണ മേഖലയിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിച്ചതോടെ എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലുള്ള പുനരധിവാസ കോളനിയിൽ ഭവന നിർമ്മാണ പദ്ധതി കുടുംബശ്രീ വഴി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

R. V

**സെക്ഷൻ ഓഫീസർ**